"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യ ജീവി വകുപ്പ്- വനം വന്യ ജീവി വകുപ്പിലെ തേക്കടി പെരിയാർ ടൈഗർ റിസർവിലെ താത്കാലിക വാച്ചർമാരായ ശ്രീ പി ജി കുഞ്ഞുമോനും മറ്റു 12 പേരും ചേർന്ന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ നമ്പർ 1012/2021 കേസിന്മേലുള്ള 20.07.2021 തീയതിയിലെ ഉത്തരവ് നടപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യ ജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.312/2021/വനം തീയതി, തിരുവനന്തപുരം, 30/09/2021.

---

പരാമർശം:-

1. ശ്രീ. പി ജി കുഞ്ഞുമോനും (സാബു ) മറ്റു 12 പേരും സമർപ്പിച്ച അപേക്ഷകൾ.
2. ഒ.എ നമ്പർ 1012/2021 കേസിന്മേലുള്ള ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 20.07.2021 തീയതിയിലെ ഉത്തരവ്.
3. റിട്ട് അപ്പീൽ നമ്പർ 2084/2018 കേസിന്മേലുള്ള ബഹു കേരള ഹൈക്കോടതിയുടെ 22.02.2021 തീയതിയിലെ വിധിന്യായം.
4. ബഹു കേരള ഹൈക്കോടതി മുൻപാകെ ശ്രീ രാജീവ് കെ ആർ ഫയൽ ചെയ്ത ഡബ്ലിയു പി സി 4317/2021 നമ്പർ കേസ്.

**ഉത്തരവ്**

വനം വകുപ്പിൽ തേക്കടി പെരിയാർ ടൈഗർ റിസർവിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന പ്രൊട്ടക്ഷൻ വാച്ചർമാരായ ശ്രീ പി ജി കുഞ്ഞുമോനും മറ്റു 12 പേരും, തങ്ങൾ വനം വകുപ്പിൽ 1994 മുതൽ സേവനം അനുഷ്ഠിച്ചു വരികയാണ് എന്നും, 14/05/2015 തീയതിയിലെ സ.ഉ (കൈ) നം 29/2105/വനം നമ്പർ ഉത്തരവു പ്രകാരം താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനു മാനദണ്ഡമാക്കിയ 20 വർഷം സേവനം കഴിഞ്ഞിട്ടുള്ളതാണ് എന്നും, ആയതിനാൽ വനം വകുപ്പിൽ തങ്ങളെ സ്ഥിരപ്പെടുത്തണം എന്നും ആവശ്യപ്പെട്ടുകൊണ്ടു, പരാമർശം ഒന്ന് പ്രകാരം അപേക്ഷകൾ സർക്കാരിന് സമർപ്പിച്ചിരുന്നു.

2). തുടർന്ന് ഇതേ ആവശ്യം ഉന്നയിച്ച ശ്രീ പി ജി കുഞ്ഞുമോനും മറ്റു 12 പേരും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഒ.എ നമ്പർ 1012/2021 കേസ് ഫയൽ ചെയ്യുകയും, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം രണ്ടിലെ ഉത്തരവിൽ, പരാമർശം ഒന്നിലെ അപേക്ഷകൾ പരിഗണിക്കാനും, അപേക്ഷകരെ നേരിൽ കേട്ടതിനു ശേഷം, ഉത്തരവ് ലഭിച്ച രണ്ടു മാസത്തിനകം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നും ഒന്നാം എതിർ കക്ഷിയായ സർക്കാരിനെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവാകുകയുണ്ടായി.

3). പരാമർശം രണ്ടിലെ ഉത്തരവിൻ പ്രകാരം അപേക്ഷകരെ 16.09.2021 നു നേരിൽ കേൾക്കുകയുണ്ടായി. അപേക്ഷകരെ പ്രതിനിധീകരിച്ച ശ്രീ ജോസ് വി എ സ്, ശ്രീ ബിജുമോൻ പി ജെ എന്നിവർ ഹാജരാകുകയുണ്ടായി. പരാമർശം ഒന്ന് പ്രകാരമുള്ള നിവേദനത്തിൽ പരാമർശിച്ചിട്ടുള്ളതിന് പുറമെ, കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന സർക്കാർ പ്രൊട്ടക്ഷൻ വാച്ചർ തസ്തികയിലേയ്ക്ക്

ഇതുവരെയും നിയമനം നടത്തിയിട്ടില്ല എന്നും, എല്ലാവരും 45 വയസ്സ് കഴിഞ്ഞിട്ടുള്ളവരാണ് എന്നും ഇനി മറ്റൊരു ജോലി ലഭിക്കാൻ സാധ്യത ഇല്ല എന്നും, വർഷങ്ങളായി തങ്ങൾ വനം വന്യ ജീവി സംരക്ഷണത്തിൽ പ്രധാന പങ്ക് ആണ് വഹിക്കുന്നത് എന്നും ബഹു സുപ്രീംകോടതിയുടെ ഉമാദേവി കേസിലെ ഉത്തരവ് പ്രകാരം തങ്ങളെ സ്ഥിരപ്പെടുത്താം എന്നും അപേക്ഷകരെ പ്രതിനിധീകരിച്ച വന്നവർ അറിയിക്കുയുണ്ടായി.

4). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 14/05/2015 തീയതിയിലെ സ.ഉ (കൈ) നം 29/2105/വനം, 28/12/2015 തീയതിയിലെ സ.ഉ (കൈ) നം110/2105/വനം നമ്പർ ഉത്തരവുകൾ പ്രകാരം, വനം വകുപ്പിൽ 01.09.2013 ൽ 20 വർഷം തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കി വന്നിരുന്നതും. 56 വയസ്സ് പൂർത്തിയാക്കാത്തതുമായ ജീവനക്കാരുടെ സേവനം വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച കൊണ്ട് സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ശ്രീ പി ജി കുഞ്ഞുമോന്റെയും മറ്റു 12 പേരുടെയും സേവനം ആരംഭിക്കുന്നത് 1994 മുതൽ ആണ് .ആയതിനാൽ 20 വർഷ സേവനം പൂർത്തീകരിച്ചിട്ടുള്ളത് 2015 ൽ മാത്രമാണ്. 2015 ൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കി വന്നിരുന്ന താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനു സ്വീകരിച്ച മാനദണ്ഡ പ്രകാരം അപേക്ഷകർ സ്ഥിരപ്പെടുത്തലിനു യോഗ്യത ഇല്ലാത്തതിനാൽ, മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം സ്ഥിരപ്പെടുത്തുന്നതിനു അപേക്ഷകർക്ക് അർഹതയില്ല.

5). ദിവസ വേതന/ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് സ്ഥിര നിയമനത്തിന് അവകാശവാദം ഉന്നയിക്കുന്നതിനുള്ള അർഹതയില്ലെന്നും ഇവരെ സ്ഥിരപ്പെടുത്തുന്നത് ഭരണഘടന വിഭാവനം ചെയ്യുന്ന public employment scheme നു വിരുദ്ധമാണെന്നും അതിനാൽ ഇപ്രകാരം നിയമിക്കപ്പെട്ടവരെ സ്ഥിരമായി തുടരാൻ അനുവദിക്കുകയോ ക്രമ പെടുത്തുകയോ ചെയ്യാൻ പാടില്ലെന്നും 'Secretary, State of Karnataka Vs Umadevi (2006(4) SCCI) എന്ന കേസിൽ സുപ്രീംകോടതി ഉത്തരവായിട്ടുള്ളതാണ്.

6). ബഹു കേരള ഹൈക്കോടതി പരാമർശം മൂന്നിലെ ഉത്തരവിൽ ഉമാ ദേവി കേസിലെ സുപ്രീംകോടതിയുടെ മാർഗ്ഗ നിർദേശങ്ങൾക്ക് വിരുദ്ധമായി സർക്കാർ വകുപ്പുകളിൽ താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ പാടില്ല എന്ന് ഉത്തരവായിട്ടുണ്ട്. വനം വകുപ്പിലെ ദിവസ വേതനാടിസ്ഥാനത്തിൽ തുടരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനെതിരെ ബഹു കേരള ഹൈക്കോടതി മുൻപാകെ ശ്രീ രാജീവ് കുമാർ കെ ആ ർ പരാമർശം നാല് പ്രകാരം കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിൽ കേരള ഹൈക്കോടതി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

7). വനം വന്യ ജീവി വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന അപേക്ഷകർ ഉൾപ്പെടെയുള്ള താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനു വനം വകുപ്പ് മേധാവി ലഭ്യമാക്കിയ ശുപാർശ സർക്കാർ പരിശോധിച്ചിട്ടുള്ളതും മേൽ ശുപാർശ നിരസിച്ചിട്ടുള്ളതുമാണ്

8). മേൽ സാഹചര്യത്തിൽ, വനം വകുപ്പിൽ തേക്കടി പെരിയാർ ടൈഗർ റിസർവിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന പ്രൊട്ടക്ഷൻ വാച്ചർമാരായ അപേക്ഷകരെ വനം വകുപ്പിൽ സ്ഥിരപ്പെടുത്തണം എന്ന പരാമർശം ഒന്നിലെ ആവശ്യം നിരസിച്ച കൊണ്ട് , പരാമർശം രണ്ടിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Sajeevan M K
അണ്ടർ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം), തിരുവനന്തപുരം.

പി.ജി. കുഞ്ഞുമോൻ, S/o. ജോർജ്ജ്, പള്ളിക്കിഴക്കേതിൽ, റോസാപ്പൂകണ്ടം, കുമളി പി.ഒ., ഇടുക്കി-685509.
ജോസ് വി.എസ്. S/o. സക്കറിയ, വരമ്പ്ലാക്കൽ, അമരാവതി പി.ഒ., കുമളി , ഇടുക്കി - 695 509.
സജി സി. , S/o. ചന്ദ്രശേഖരൻ, അരുവിക്കരശ്ശേരിൽ,പറയക്കടവ്, അമൃതപുരി, ആലപ്പാട്, കരുനാഗപ്പള്ളി, കൊല്ലം - 690 525.

പി.എം. അബ്ബാസ്, S/o. മീരാൻ, പുളിക്കൽ, വള്ളക്കടവ്, വണ്ടിപ്പെരിയാർ, മഞ്ചുമല പി.ഒ., ഇടുക്കി - 685 509.

ഉദയകുമാർ ആർ, പൊൻനഗർ കോളനി, വള്ളക്കടവ്, മഞ്ചുമല, വണ്ടിപ്പെരിയാർ പി.ഒ ഇടുക്കി , 685 533.

നൗഷാദ് എം., S/o. മൈതീൻ, ഹൗസ് നമ്പർ- 740,തേരിക്കൽ, പീരുമേട്, കുമളി പി.ഒ., ഇടുക്കി - 695 509.

ശരവണൻ എം. S/o. മഹാലിംഗം, ഗട്ടിങ്ങൽ, തേക്കടി പി.ഒ,ഇടുക്കി, 685 509.

ശാന്ത മണികണ്ഠൻ, D/o. ശബരി, മുല്ലക്കൽ ഹൗസ്, തേക്കടി പി.ഒ., ഇടുക്കി - 685 509.

ബിജിമോൻ പി.ജെ, S/o. ജോസഫ്, പുളിക്കാച്ചാലിൽ ഹൗസ്, അമരാവതി, കുമളി 2, കുമളി പി.ഒ., ഇടുക്കി - 685 509.

മധുകുമാർ എം.സി., S/o. എം. കെ. ചെല്ലപ്പൻ, മമ്മൂട്ടിൽ ഹൗസ്, റോസാപ്പൂകണ്ടം, കുമളി പി.ഒ., ഇടുക്കി 685 509.

സെൽവി കണ്ണൻ, സെൽവി ഹൗസ്, കുമളി പി.ഒ., ഇടുക്കി - 685 509

എം. വിജയൻ, S/o. മുരളി, ജെ. എസ്. ഭവൻ, ഗാന്ധിനഗർ കോളനി, തേക്കടി പി.ഒ. ഇടുക്കി - 685 509.

മണികണ്ഠൻ, S/o. സുബയ്യ, 4/102, കലൈമാമൻ കോവിൽ സ്ട്രീറ്റ്, നൈനാനഗരം, കടയനല്ലൂർ, തെങ്കാശി 627 811.

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.